സംഭരിക്കുന്നതിന് 25-2-2014-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 56/2014/കൃഷി, പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ ഏജൻസികൾ മുഖേനയാണ് റബ്ബർ സംഭരണം നടത്തിയിട്ടുള്ളത്.

റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടുകൂടി സർക്കാർ 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് നിശ്ചയിക്കുന്ന ദൈനംദിന വിലസൂചികയും (Daily reference price) തമ്മിലുള്ള വില വ്യത്യാസം കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകി വരുന്നു.

(ബി) വിലത്തകർച്ചയിൽ നിന്ന് റബ്ബർ മേഖലയെ രക്ഷിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിക്കുള്ള സഹായമായി കേന്ദ്ര വില സ്ഥിരതാ ഫണ്ടിൽ നിന്നും 500 കോടി രൂപ നൽകണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) റബ്ബർ വിലയിടിവ് പരിഹരിക്കുന്നതിന് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി കർഷകർക്ക് ഏറെ പ്രയോജനപ്രദമാകുന്നുണ്ട്.

സാമ്പത്തിക വളർച്ചാനിരക്ക്

88 (1828) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ 2010-11, 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിലെ സാമ്പത്തിക വളർച്ചാ നിരക്ക് എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) 2015-16 വർഷത്തിൽ എത്ര ശതമാനം സാമ്പത്തിക വളർച്ചയുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)

വർഷം	വളർച്ചാനിരക്ക്	വളർച്ചാനിരക്ക്
2010-11	6.92	
2011-12	5.85	
2012-13		6.50
2013-14		4.54
2014-15		6.67

(ബി) പന്ത്രണ്ടാം പദ്ധതി കാലത്ത് (2012-2017 വർഷങ്ങളിൽ) 9.5 ശതമാനം വളർച്ചാനിരക്ക് കൈവരിക്കാനാണ് 12-ാം പഞ്ചവത്സര പദ്ധതിയുടെ സമീപന രേഖയിൽ ലക്ഷ്യമിടുന്നത്.

സർക്കാർ ജീവനക്കാരുടെ ശമ്പളം

89 (1829) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

1-7-2011 മുതൽ 31-1-2016 വരെ സർക്കാർ ജീവനക്കാർക്ക് ശമ്പളം നൽകിയ വകയിൽ എത്ര തുക ചെലവഴിച്ചു; വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ഉത്തരം

2011-12 മുതൽ സർക്കാർ ജീവനക്കാർക്ക് ശമ്പളം നൽകിയ വകയിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

വർഷം	ശമ്പളത്തിന് ചെലവഴിച്ച തുക (തുക കോടിയിൽ)
2011-12	16083.25
2012-13	17313.70
2013-14	19340.98
2014-15	21410.92
2015-16	17615.99*

* 2015 ഡിസംബർ മാസം വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം.

LIBRARY ARCHIVES Kerala Legislative Assembly